**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം.നം. 54 — 27.06.2011 ൽ മറുപടി നൽകേണ്ടത്

**ഇടിമിന്നലേറ്റ് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ എം.എൽ.എ. | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ഇടിമിന്നലേറ്റ് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ/ | (എ) ഇടിമിന്നലേറ്റ് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകാൻ തീരുമാനമായിട്ടുണ്ട്. |
| (ബി) ഇടിമിന്നലേറ്റ് കേടുപാടുകൾ സംഭവിച്ച വീടുകൾക്കും കെട്ടിടങ്ങൾക്കും നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) കാലവർഷത്തിൽ പൂർണ്ണമായി വീട് തകർന്നവർക്ക് കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്നും നൽകിവരുന്ന നഷ്ടപരിഹാരം 1 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഭാഗികമായി വീട് നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം പരമാവധി 35,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇടിമിന്നലേറ്റ് കേടുപാടുകൾ സംഭവിച്ച വീടുകൾക്കും കെട്ടിടങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ